**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4932** **01-11-2021 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധി ബോർഡ് അംഗങ്ങൾക്കും ആശ്രിതർക്കും ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ ഡി കെ മുരളി** | | **Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികളിൽ കോവിഡ് ബാധിച്ചവർക്ക് ചികിത്സ ധനസഹായവും മരണപ്പെട്ടവരുടെ ആശ്രിതർക്ക് മരണാനന്തര സഹായവും നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | തൊഴിൽ വകുപ്പിനു കീഴിലുള്ള വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായിട്ടുള്ള തൊഴിലാ ളികളിൽ കോവിഡ് ബാധിച്ചവർക്ക് ചികിത്സ ധനസഹായവും മരണ പ്പെട്ടവരുടെ ആശ്രിതർക്ക് മരണാനന്തര സഹായവും നൽകുന്നതിന് ബോർഡുകൾ നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇതിനായി ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | തൊഴിൽ വകുപ്പിനു കീഴിലുള്ള വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായിട്ടുള്ള തൊഴിലാ ളികളിൽ കോവിഡ് ബാധിച്ചവർക്ക് ചികിത്സ ധനസഹായവും മരണ പ്പെട്ടവരുടെ ആശ്രിതർക്ക് മരണാനന്തര സഹായവും നൽകുന്നതിന് ബോർഡുകൾ നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | സംസ്ഥാനത്ത് ക്ഷേമനിധി ബോർഡുകളിൽ പരാതി പരിഹാര ഹെൽപ്പ് ലൈനുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ്, കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ്, മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ക്ഷേമനിധി എന്നീ ബോർഡുകളിൽ പരാതി / ഹെൽപ്പ് ലൈൻ സംവിധാനം പ്രവർത്തിക്കുന്നു. മറ്റ് ക്ഷേമനിധി ബോർഡുകളിൽ നിലവിലുള്ള പരാതി പരിഹാര സംവിധാനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | ക്ഷേമനിധി ബോർഡുകളിൽ ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ദ്വയാംഗത്വം, വ്യാജഅംഗത്വം എന്നിവ ഒഴിവാക്കുന്നതിനും |

| | | | |
|---|---|---|---|
| | | | അംഗങ്ങളുടെ വ്യക്തിഗത വിവരങ്ങൾ (ആധാർ അധിഷ്ഠിത) സമഗ്രമായി ഉൾപ്പെ ടുത്തുന്നതിനും തൊഴിലാളികൾക്ക് ക്ഷേമ പദ്ധതികളിലേക്ക് ഓൺ ലൈനായി അംഗത്വം നേടുന്നതിനും, ആനുകൂല്യങ്ങൾ സമയ ബന്ധിതമായി DBT മുഖേന വിതരണം ചെയ്യുന്നതിനും ബോർഡുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പി ക്കുന്നതിനും, ലേബർ കമ്മീഷണറേറ്റിന്റെ നേതൃത്വത്തിൽ Advanced Information Interface System (AIIS) എന്ന സോഫ്റ്റ് വെയറിന്റെ വിപുലീകരണ നടപടികൾ പുരോഗമിച്ചു വരുന്നു. കോവിഡ് 19 ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി boardswelfareassistance എന്ന ഓൺലൈൻ സോഫ്റ്റ് വെയർ സജ്ജീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

കോവിഡ് പ്രതിസന്ധിയെ തുടർന്ന് സാമ്പത്തിക ഭദ്രത കുറഞ്ഞ ക്ഷേമനിധി ബോർഡുകളിൽ രജിസ്റ്റർ ചെയ്ത എല്ലാ അംഗങ്ങൾക്കും സർക്കാർ ധനസഹായത്തോടെ **1000/-** മുതൽ **3000/-** രൂപ വരെ ഒന്നാം ഘട്ടത്തിലും തുടർന്ന് സർക്കാർ ധനസഹായത്തോടെ **1000/-** രൂപ വീതം രണ്ടാം ഘട്ടത്തിലും അനുവദിച്ചിട്ടുണ്ട്. സാമ്പത്തിക ഭദ്രതയുള്ള ക്ഷേമനിധി ബോർഡുകളായ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ്, അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് (അൺ അറ്റാച്ച്ഡ് വിഭാഗം) എന്നീ ബോർഡുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അംഗങ്ങൾക്കും തനത് ഫണ്ടിൽ നിന്നും **1000/-** മുതൽ **5000/-** രൂപ വരെ ഒന്നാം ഘട്ടത്തിലും തുടർന്ന് **1000/-** രൂപ വീതം രണ്ടാം ഘട്ടത്തിലും കോവിഡ് ധനസഹായ വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ തൊഴിൽ വകുപ്പിനു കീഴിലുള്ള ബോർഡുകൾ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

### 1. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്

ബോർഡിലെ കോവിഡ് രോഗ ബാധിതരായ 2490 അംഗങ്ങൾക്ക് 2000/ രൂപ വീതം 49,80,000/ രൂപ ബോർഡിൽ നിന്നും ചികിത്സാ ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്.

### 2. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള തൊഴിലാളി മരണപ്പെട്ടാൽ തൊഴിലാളിയുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായ ഇനത്തിൽ 3000/- രൂപയും, എക്സ് ഗ്രേഷ്യാ ഇനത്തിൽ 50,000/-രൂപയും അനുവദിച്ചു വരുന്നുണ്ട്. അംഗ തൊഴിലാളികളിൽ കോവിഡ് ബാധിച്ചവർക്ക് ചികിത്സാ ധനസഹായപദ്ധതിയിൽ നിന്നും 10,000/-രൂപ വീതം അനുവദിക്കുന്നു

### 3 കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ്

അൺ അറ്റാച്ച്ഡ് വിഭാഗം

കോവിഡ്-19 രോഗത്തിന് പ്രത്യേകമായി ചികിത്സാ ധനസഹായവും, മരണപ്പെട്ടവരുടെ ആശ്രിതർക്ക് മരണാനന്തര സഹായവും അനുവദിക്കുന്നില്ല. എന്നാൽ സമർപ്പിക്കുന്ന ബില്ലുകളുടെ അടിസ്ഥാനത്തിൽ വർക്കേഴ്സ് മെഡിക്കൽ ക്ലെയിം (പ്ലാൻ 1996) ഇനത്തിൽ 30,000/- രൂപ വരെയും, ഫാമിലി മെഡിക്കൽ ക്ലെയിം ഇനത്തിൽ 15,000/- രൂപ വരെയും, മരണപ്പെട്ടവരുടെ ആശ്രിതർക്ക് രേഖകളുടെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ഡെത്ത് എക്സ് ഗ്രേഷ്യാ (പ്ലാൻ 1997) ഇനത്തിൽ 60,000/- രൂപ മുതൽ 1,00,000/- രൂപ വരെയും വേതനത്തിന്റെ അടിസ്ഥാനത്തിൽ അനുവദിച്ചു വരുന്നു

സ്കാറ്റേർഡ് വിഭാഗം

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് സ്കാറ്റേർഡ് വിഭാഗം തൊഴിലാളികൾക്ക് പ്രത്യേക കോവിഡ് ധനസഹായം നൽകുന്നില്ല. എന്നാൽ സമർപ്പിക്കുന്ന ബില്ലുകളുടെ അടിസ്ഥാനത്തിൽ

ചികിത്സാ ധനസഹായമിനത്തിൽ 2000/- രൂപയും മരണപ്പെട്ടവരുടെ ആശ്രിതർക്ക് മരണാനന്തര സഹായമിനത്തിൽ 60000/- രൂപയും മാനദണ്ഡങ്ങൾക്ക് വിധേയമായി അനുവദിച്ച നൽകുന്നു.

4. **കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്.**

ക്ഷേമനിധി അംഗങ്ങളായിട്ടുള്ള തൊഴിലാളികളിൽ കോവിഡ് ബാധിച്ചവർക്ക് ചികിൽസാ ധനസഹായവും മരണപ്പെട്ടവരുടെ ആശ്രിതർക്ക് മരണാനന്തര സഹായവും നൽകുന്നത് സംബന്ധിച്ച് ബോർഡ് വിശദമായി പരിശോധിക്കുകയും കോവിഡ് ബാധിച്ച് മരണപ്പെട്ട തൊഴിലാളികൾക്ക് കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നൽകുന്ന സാമ്പത്തിക സഹായം സംബന്ധിച്ച മാനദണ്ഡങ്ങൾക്ക് വ്യക്തത വരുത്തിയതിന് ശേഷം തീരുമാനമെടുക്കുന്നതുമാണ്.

5. **കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്.**

കോവിഡ് പോസിറ്റീവ് ആയ അംഗതൊഴിലാളികൾക്ക് കേരള ബിൽഡിംഗ് ആൻറ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ നിന്നും കോവിഡ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ചികിത്സാ ധനസഹായമായി 2000/രൂപ വീതവും കോവിഡ് ബാധിച്ച് മരണപ്പെടുന്ന അംഗതൊഴിലാളികളുടെ ആശ്രിതർക്ക് ബോർഡിൽ നിന്ന് നൽകിവരുന്ന സാധാരണ മരണ ധനസഹായത്തിനു പുറമേ പ്രത്യേക മരണാനന്തര ധനസഹായമായി 10,000/രൂപയും, 2020 മാർച്ച് 1 -ാം തീയതി മുതൽ നൽകിവരുന്നുണ്ട്.

6. **കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ മരണാനന്തര ധനസഹായമായി അംഗങ്ങളുടെ ആശ്രിതർക്ക് 10,000/രൂപ നൽകി വരുന്നു. ആയത് കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ ആശ്രിതർക്കും നൽകുന്നു.

7. **കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്**

സർക്കാർ അധികാരത്തിലേറി നൂറ് ദിനം പൂർത്തിയാകുന്ന കാലയളവിൽ കോവിഡ് ബാധിച്ച് മരണപ്പെട്ട കള്ള് വ്യവസായ ക്ഷേമനിധിയിലെ രജിസ്റ്റേഡ് തൊഴിലാളികളുടെ ആശ്രിതർക്ക് 30,000/- രൂപ അനുവദിച്ച് നൽകുന്നതിന് ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ട്.

8. **കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള കർഷകതൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളിൽ കോവിഡ് ബാധിതരായവർക്ക് 7,500/- രൂപയും നിരീക്ഷണത്തിൽ കഴിഞ്ഞവർക്ക് 1,000/- രൂപയും ധനസഹായമായി ബോർഡ് നൽകിയിരുന്നു. സംസ്ഥാനത്താകെ 3,483 തൊഴിലാളികൾക്ക് ടി ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ ക്ഷേമനിധിയിൽ അംഗമായ ഒരു തൊഴിലാളി 60 വയസ്സ് പൂർത്തിയാകുന്നതിനു, മുൻപ് കോവിഡ് ബാധിച്ച മരണപ്പെടുമ്പോൾ അംഗത്തിന്റെ ആശ്രിതർക്ക് അപേക്ഷ ലഭിച്ച ഉടനെ തന്നെ 5,000/-രൂപ മരണാനന്തര ധനസഹായവും അധിവർഷാനുകൂല്യവും നൽകുന്നു. കോവിഡ് ബാധിച്ച അംഗങ്ങൾക്ക് കർഷക തൊഴിലാളി ക്ഷേമനിധി പദ്ധതി അനുസരിച്ച് 4,000/-രൂപ വരെ ചികിത്സ ധനസഹായം ലഭിക്കും.

**9. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്**

ക്ഷേമപദ്ധതിയിലുള്ള അംഗത്തിനോ, കുടുംബങ്ങൾക്കോ കോവിഡ് ഉൾപ്പെടെയുള്ള അസുഖങ്ങൾക്ക് ആശുപത്രിയിൽ കിടന്നുള്ള ചികിൽസയ്ക്ക് പരമാവധി 10,000/-രൂപവരെയും, മരണാനന്തര ധനസഹായമായി പരമാവധി 10,000/- രൂപയും നൽകി വരുന്നു.

**10. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്.**

കോവിഡ് ബാധിച്ച് ചികിത്സയിൽ കഴിഞ്ഞിട്ടുള്ള പദ്ധതി അംഗങ്ങൾക്ക് 2000/- രൂപയും തുടർ ചികിത്സയ്ക്ക് വിധേയരായ അംഗങ്ങൾക്ക് 5000/- രൂപയും കോവിഡ് ബാധിച്ച് മരണമടഞ്ഞ പദ്ധതി അംഗങ്ങളുടെ ആശ്രിതർക്ക് 15000/- രൂപയും അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

**11. കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്.**

ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികളിൽ കോവിഡ് നിരീക്ഷണത്തിലായ അംഗങ്ങൾക്ക് 5000/-രൂപയും കോവിഡ് പോസിറ്റീവ് സ്ഥിരീകരിച്ചവർക്ക് 10000/- രൂപയും കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചിരുന്നു. .

**12. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്**

മോട്ടോർ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗമായിട്ടുള്ള തൊഴിലാളികൾക്ക് ഏത് അസുഖം ബാധിച്ച് ആശുപത്രിയിൽ 72 മണിക്കൂർ ചികിത്സ തേടിയാലും നിബന്ധനകൾക്ക് വിധേയമായി പരമാവധി 5000/- രൂപ ധനസഹായം ബോർഡ് നൽകുന്നുണ്ട്. കോവിഡ് ബാധിച്ച് ചികിത്സ തേടുന്നവർക്കും ഈ സഹായം ലഭിക്കുന്നതാണ്. കൂടാതെ മരണാനന്തര ധനസഹായമായി 1,00,000/- രൂപയും ശവസംസ്കാര ചടങ്ങുകൾക്കുള്ള അടിയന്തിര ധനസഹായമായി 10,000/- രൂപയും ബോർഡ് നൽകി വരുന്നുണ്ട്.

**13. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്**

കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്ക് ചികിത്സാ ധനസഹായമായി 15000/ രൂപവരെയും മരണപ്പെട്ട തൊഴിലാളികളുടെ ആശ്രിതർക്ക് മരണാനന്തരസഹായമായി 5000/ രൂപയും നൽകിവരുന്നു. ടി ധനസഹായങ്ങൾക്ക് കോവിഡ് ബാധിച്ച് ചികിത്സയിലുള്ള തൊഴിലാളികൾക്കും കോവിഡ് ബാധിച്ച് മരണപ്പെട്ട തൊഴിലാളികളുടെ ആശ്രിതർക്കും അർഹതയുണ്ട്.

**14. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്**

കോവിഡ് ബാധിച്ച തൊഴിലാളികൾക്ക് കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ധനസഹായമായി 1000/- രൂപ വീതം നൽകുന്നതിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ